"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി. പി വനജകുമാരി -യ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**2130/2026/GAD**          തീയതി,തിരുവനന്തപുരം, **05-05-2026**

---

പരാമർശം:-
1. **04/12/2024**-ലെ സ.ഉ. (സാധാ) **5327/2024** /പൊ.ഭ.വ.
2. **28.02.2026** -ലെ സ്പെഷ്യൽ-ഇ**2/270/2025**-പൊഭവ നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും.
3. ശ്രീമതി. പി വനജകുമാരി -യുടെ **08.04.2026** -ലെ പ്രതിവാദ പത്രിക.

**<u>ഉത്തരവ്</u>**

നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി. പി വനജകുമാരിയെ പരാമർശം (1) - ലെ ഉത്തരവ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ മെമ്പർ സെക്രട്ടറിയായി നിയമിച്ചിരുന്നു. കമ്മീഷന്റെ സുതാര്യമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നവെന്നതിനാൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ മെമ്പർ സെക്രട്ടറിയായ ശ്രീമതി. പി. വനജകമാരിയെ അടിയന്തിരായി മാറ്റുകയും വകപ്പ് തല നടപടി സ്വീകരിക്കണമെന്നും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ശിപാർശ സമർപ്പിച്ചിരുന്നു.

2). തുടർന്ന് പരാമർശം (2) പ്രകാരം ടിയാൾക്ക് ചുവടെയുള്ള കുറ്റങ്ങൾക്ക് കുറ്റാരോപണ മെമ്മോയും പത്രികയും നൽകുകയുണ്ടായി.

i. 2021 ലെ കേരള സംസ്ഥാന ഭക്ഷ്യകമ്മീഷൻ നടപടി ക്രമത്തിലെ ക്രമ നമ്പർ 19

ലെ നിർദേശത്തിനു വിരുദ്ധമായി, നിരവധി ഫയലുകൾ കമ്മീഷന്റെ ഉത്തരവിന് സമർപ്പിക്കാതെ സ്വന്തം നിലയ്ക്ക് നടപടി സ്വീകരിച്ചു.

ii. കമ്മീഷനു ലഭിച്ച പരാതിയുമായി ബന്ധപ്പെട്ട SFC/D/343/2025 നമ്പർ ഫയൽ ചെയർപേഴ്സണോ ബന്ധപ്പെട്ട മെമ്പറിനോ സമർപ്പിക്കാതെ താലൂക്ക് സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിനായി താങ്കൾ നൽകുകയും ലഭിച്ച റിപ്പോർട്ട് കമ്മീഷന്റെ പരിഗണനയ്ക്കു സമർപ്പിക്കാതെ നടപടി സ്വീകരിച്ചു.

iii. കമ്മീഷന്റെ നിർദ്ദേശമില്ലാതെ പരാതിക്കാരെ ഫോണിൽ വിളിച്ച് സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

iv. പരാതികൾ സംബന്ധിച്ച ഫയലുകൾ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതെ ലാഘവത്തോടെ കൈകാര്യം ചെയ്തു.

v. കമ്മീഷൻ മെമ്പർ ശ്രീമതി സബിത ബീഗം 2025 ജനുവരി 27 മുതൽ ഫെബ്രുവരി 7 വരെ വിദേശയാത്ര നടത്തുന്നതിന് അനുവാദം ലഭിക്കുന്നതിന് നൽകിയ കത്ത് സംബന്ധിച്ച ഫയൽ ലീവ് അനുവദിക്കേണ്ട ചെയർപേഴ്സനു നൽകിയില്ല. മേൽ ലീവ് അപേക്ഷയിൽ നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായി.

3). പരാമർശം (3) പ്രകാരം ടിയാൾ പ്രതിവാദ പത്രിക സമർ പ്പിക്കുകയുമുണ്ടായി. പ്രതിവാദ പത്രികയിൽ ശ്രീമതി. പി വനജ കുമാരി ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ട് (2013-ലെ 20ാം ആക്ട്) ന്റെ 16ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ചെയർപേഴ്സൺ, അഞ്ച് അംഗങ്ങൾ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന "സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ പ്രസ്തുത ആക്ടിന്റെ മേൽനോട്ടവും വിലയിരുത്തലും നിർവ്വഹിക്കുക സർക്കാരിനും വിവിധ വകുപ്പുകൾക്കും ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുക തുടങ്ങിയവയാണ് പ്രധാന ചുമതലകൾ. ഇതിൽ മെമ്പർ സെക്രട്ടറി എന്നത് ഒരു സ്റ്റാറ്റ്യൂട്ടറി തസ്തിക ആയതിനാൽ കമ്മീഷനോടൊപ്പം ക്വാസി ജുഡീഷ്യൽ (Quasi-Judicial) ധർമ്മവും അതുപോലെ തന്നെ സെക്രട്ടറി എന്ന നിലയിൽ ഭരണപരവുമായ കാര്യങ്ങളും കൂടിയാണ് നിർവ്വഹിക്കേണ്ടിവരുന്നത്. കമ്മീഷനിൽ 06/12/2024 മുതൽ 17/12/2025 വരെ മെമ്പർ സെക്രട്ടറിയായി ചുമതലയേറ്റതിനു ശേഷം എല്ലാ നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് മാത്രമാണ് ചുമതലകൾ കർത്തവ്യബോധത്തോടെയും ഉത്തരവാദിത്വത്തോടെയും ഭംഗിയായി നിർവ്വഹിച്ചിട്ടുള്ളത്. സേവനത്തിൽ ദുരുദ്ദേശപരമായ നടപടിയോ വ്യക്തിപരമായ ലാഭലക്ഷ്യമോ അധികാര ദുരുപയോഗമോ ഉണ്ടായിട്ടില്ല. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ടിലെ 14, 15, 16, 16(2), 16(6) (a)- (f), 29, 2018-ലെ കേരള ഭക്ഷ്യ ഭദ്രതാ

ചട്ടങ്ങളിലെ 36 (a) മുതൽ (f) വരെ കമ്മീഷൻ യഥാക്രമം നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങളും അതിനുള്ള അധികാരങ്ങളുമാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം മെമ്പർ സെക്രട്ടറി എന്ന നിലയിൽ സ്വതന്ത്രമായി ഒരു തീരുമാനവും എടുത്തിട്ടില്ല. എല്ലാ പ്രധാന നടപടികളും ചെയർപേഴ്സണും അംഗങ്ങളും ചേർന്നാണ് തീരുമാനിക്കേണ്ടതും നടപ്പിലാക്കേണ്ടതും. അതിൻ പ്രകാരം മാത്രമാണ് മെമ്പർ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ളത്. 25/06/2024 മുതൽ 22/10/2025 വരെയുള്ള കാലയളവിൽ 4 അംഗങ്ങളുടെ ഒഴിവ് നിലനിന്നിരുന്നു. താൻ ഉൾപ്പടെയുള്ള മൂന്ന് അംഗങ്ങളുള്ള പരിമിത ഘടനയിലാണ് പ്രവർത്തിച്ചു വന്നത്.

I. സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ മെമ്പർ സെക്രട്ടറിയായി ചുമതലയേറ്റ 06/12/2024- മുതൽ, മെമ്പർ സെക്രട്ടറി എന്ന നിലയിൽ, കമ്മീഷൻ ഓഫീസിലെ ഭരണപരമായ ചുമതലകൾ നിർവ്വഹിചിട്ടുള്ളതും കമ്മീഷൻ അംഗം എന്ന നിലയിൽ, കമ്മീഷൻ ചുമതലപ്പെടുത്തുന്ന പ്രകാരം, കമ്മീഷന്റെ ഉത്തമതാല്പര്യത്തിനും നിയമവ്യവസ്ഥകൾക്കും വിധേയമായി മാത്രം പ്രവർത്തിച്ചു വന്നിട്ടുമുള്ളതാണ്. കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷൻ ലഭിച്ച പരാതികളിൻമേൽ/സന്ദർശനത്തിൽ കണ്ടെത്തിയ അപാകതകളിൻമേൽ, പ്രസ്തുത മൂന്ന് അംഗങ്ങൾ കൂട്ടായും അംഗങ്ങൾ വ്യക്തിപരമായും വിവിധ ജില്ലകളിലെ റേഷൻകടകൾ, അങ്കണവാടികൾ, ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾ എന്നിവ സന്ദർശിച്ചിട്ടുള്ളതും, വിവിധ ജില്ലകളിൽ ജില്ലാ പരാതി പരിഹാര ഓഫീസറുടെ മീറ്റിംങ്ങുകളിലും താലൂക്ക്/ജില്ലാ വിജിലൻസ് കമ്മിറ്റികളിലെ യോഗങ്ങളിലും പങ്കെടുക്കുകയും ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും കമ്മീഷൻ ഓഫീസിൽ സംഘടിപ്പിച്ചിട്ടുള്ള കമ്മീഷന്റെ എല്ലാ യോഗങ്ങളിലും, കമ്മീഷൻ കോർട്ട് ഹാളിൽ നടത്തിയിട്ടുള്ള എല്ലാ ഹിയറിംഗുകളിലും മെമ്പർ സെക്രട്ടറി കമ്മീഷന്റെ അഭിവാജ്യഘടകമായി പങ്കെടുക്കുകയും ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതുമാണ്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ടിലെയും 2018-ലെ കേരള ഭക്ഷ്യ ഭദ്രതാ ചട്ടങ്ങളിലെയും 2021-ലെ കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടപടിക്രമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ് മെമ്പർ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചിട്ടുള്ളത്. ഫയലുകളിലോ സ്വന്തം നിലയ്ക്ക് മേൽനടപടിയോ തീരുമാനമോ എടുത്തിട്ടില്ല. നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്

**II.** പൂർണമല്ലാത്തതുമായ ഒരു പരാതി **24/04/2025**-ന് കമ്മീഷൻ ഓഫീസിൽ ഫോൺ മുഖേന ലഭിച്ചു. പ്രസ്തുത പരാതി കമ്മീഷൻ ഓഫീസിലെ പൊതു പതിവേടിൽ രജിസ്റ്റർ ചെയ്തിരുന്നത് താഴെ പറയും പ്രകാരമാണ്:" **ARD-49** പുനലൂർ താലൂക്ക് - വിഷയം : - ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ **CMR** അരിയിൽ പൂപ്പൽ ബാധിച്ചു -**QC (quality check)** നോക്കിയിട്ടും മാറ്റി തന്നില്ല -മുരുകൻ നായർ - **9495208726***.കൊല്ലം ജില്ലയിലെ പരാതി **2021** -ലെ കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടപടിക്രമങ്ങളിലെ **19**ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം കമ്മീഷന്റെ സൂക്ഷ്മപരിശോധനക്ക് സമർപ്പിക്കുന്നതിന് അനിവാര്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പരാതിയിന്മേൽ താലൂക്ക് സപ്ലൈ ഓഫീസറിൽ **(TSO)** നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതും തുടർന്ന് **07/05/2025** -ലെ **TSO** റിപ്പോർട്ട് ഉൾപ്പെടുത്തി കൊണ്ടുള്ള ഫയൽ സെക്ഷനിൽ നിന്നും **13/05/2025**-ന് മെമ്പർ സെക്രട്ടറിക്ക് ലഭിക്കുകയും **TSO** യുടെ റിപ്പോർട്ടിന് ശേഷം പരാതിയിൽ കൂടുതൽ വിശദാംശങ്ങൾ അനിവാര്യമായതിനാലും പരാതിക്കാരനിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിച്ചാൽ മാത്രമേ സൂക്ഷ്മപരിശോധനക്കായി ഫയൽ ബഹു. കമ്മീഷൻ മുമ്പാകെ സമർപ്പിക്കാൻ കഴിയുകയുള്ളൂ എന്ന സാഹചര്യം നിലനിന്നിരുന്നതിനാലുമാണ്, പരാതിയിൽ ലഭ്യമായ പരാതിക്കാരന്റെ ഫോൺ നമ്പർ മുഖേന ബന്ധപ്പെട്ട്, പരാതി നിലനിൽക്കുന്ന പക്ഷം വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ആയത് സൂക്ഷ്മപരിശോധനക്കായി സമർപ്പിക്കുകയും ചെയ്തത്. ഒപ്പം തന്നെ കൊല്ലം ജില്ല കൈകാര്യം ചെയ്യുന്ന അഡ്വ. സബിത ബീഗം മെമ്പറുമായി ബന്ധപ്പെടുകയും പ്രസ്തുത വിഷയങ്ങൾ വിശദീകരിക്കുകയും ആയത് ടി മെമ്പർ വാക്കാൽ അംഗീകരിക്കുകയും ചെയ്തു. കമ്മീഷൻ ഓഫീസിൽ ഫോൺ മുഖേന നൽകിയ പരാതി അവ്യക്തവും അപൂർണ്ണവും ആയിരുന്നതിനാലാണ് പരാതിക്കാരനെ ഫോണിൽ വിളിക്കേണ്ട സാഹചര്യമുണ്ടായത് എന്ന വിവരവും പ്രാഥമിക പരിശോധന നടത്തി ആയതിലെ വിവരങ്ങൾ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തി ഫയൽ കൃത്യതയോടെ ബഹു. കമ്മീഷൻ മുമ്പാകെ, **2021** - ലെ നടപടിക്രമങ്ങളിലെ **19**ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം സൂക്ഷ്മപരിശോധനയ്ക്ക് സമർപ്പിക്കുന്നതിനുവേണ്ടിയാണ് മേൽപ്പറഞ്ഞ നടപടി

സ്വീകരിച്ചത്. മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടി സ്വീകരിച്ചതല്ലാതെ, പരാതി ഫയലുകൾ ചെയർ പേഴ്സണോ ബന്ധപ്പെട്ട മെമ്പർക്കോ സമർപ്പിക്കാതെ പരാതിയിന്മേൽ യാതൊരു മേൽ നടപടിയോ തീരുമാനമോ എടുത്തിട്ടില്ല. പരാതിയിന്മേലോ TSO-യുടെ റിപ്പോർട്ടിന്മേലോ തന്റെ ഭാഗത്ത് നിന്നും യാതൊരു തരത്തിലുള്ള വീഴ്ചയോ കേസിന്റെ മെറിറ്റിനെ ബാധിക്കുന്ന യാതൊരു തരത്തിലുള്ള നടപടിയോ ഏകപക്ഷ്യമായ നടപടിയോ തീരുമാനമോ എടുത്തിട്ടില്ല. ലഭ്യമായ വിവരങ്ങൾ സഹിതം കമ്മീഷന്റെ സൂക്ഷ്മപരിശോധനക്കായി യഥാവിധി സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ വിഷയം കൊല്ലം ജില്ല കൈകാര്യം ചെയ്യുന്ന അഡ്വ. സബിത ബീഗം മെമ്പറുമായി ബന്ധപ്പെടുകയും പ്രസ്തുത വിഷയങ്ങൾ' 'വിശദീകരിക്കുകയും ആയത് ടി മെമ്പർ വാക്കാൽ അംഗീകരിക്കുകയും ചെയ്തു ആയതിനാൽ, കമ്മീഷന്റെ നിർദ്ദേശമില്ലാതെ നടപടി സ്വീകരിച്ചു എന്നുള്ള ആരോപണം നിലനിൽക്കുന്നതല്ല.

iii. പരാതിക്കാരനെ ഫോൺ മുഖേന ബന്ധപ്പെടാൻ ഇടയാക്കിയ സാഹചര്യം, കമ്മീഷൻ ഓഫീസിൽ 24/04/2025-ന് ഫോൺ മുഖേന നൽകിയ പരാതി അവ്യക്തവും അപൂർണ്ണവും ആയിരുന്നതിനാലും TSO യുടെ റിപ്പോർട്ടിന് ശേഷം പരാതിയിൽ കൂടുതൽ വിശദാംശങ്ങൾ അനിവാര്യമായതിനാലും പരാതിയിൽ തന്നെ ഫോൺ നമ്പർ ഉണ്ടായിരുന്നതിനാലും ബഹു. കമ്മീഷന്റെ സൂക്ഷ്മപരിശോധനക്ക് ഉതകുന്ന തരത്തിൽ ഫയൽ സമർപ്പിക്കുന്നതിന് വേണ്ടിയാണ്. ഫോൺ മുഖേന പരാതിക്കാരനെ ബന്ധപ്പെട്ടതല്ലാതെ, പരാതിക്കാരന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകുകയോ കേസിന്റെ മെറിറ്റ് സിനെ ബാധിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കമ്മീഷന്റെ സുഗമമായ സൂക്ഷ്മപരിശോധനയ്ക്കും തീരുമാനങ്ങൾ കൈകൊള്ളുന്നതിനും ആവശ്യമായ നടപടികൾക്കും വേണ്ടി മാത്രമാണ് ഉത്തമ വിശ്വാസത്തോട് കൂടി ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

iv. പരാതികൾ സംബന്ധിച്ച ഫയലുകൾ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതിരിക്കുകയോ ലാഘവത്തോടെ ഫയലുകൾ കൈകാര്യം ചെയ്യുകയോ ചെയ്തിട്ടില്ല. മെമ്പർ സെക്രട്ടറി എന്ന നിലയിലുള്ള ഉത്തരവാദിത്വം വളരെ ചുമതലാബോധത്തോടെയും ഗൗരവത്തോടെയും ആത്മാർത്ഥതയോടെയും

കൃത്യനിഷ്ഠയോടുകൂടിയും നിർവ്വഹിച്ചിട്ടുള്ളതാണ്. തന്നെ മെമ്പർ സെക്രട്ടറി സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള ഉപാധിയായി തെരെഞ്ഞെടുത്ത ഒരു ആരോപണം മാത്രമാണ്. **2024-25** വാർഷിക റിപ്പോർട്ടിന്റെ ഫയലിലെ **SFC/D/344/2025** നമ്പർ കുറിപ്പ് ഫയലിലെ **41** -ആം ഖണ്ഡികയിൽ, മെമ്പർ സെക്രട്ടറിയെ കുറിച്ച് ബഹു: കമ്മീഷൻ അംഗം അഡ്വ. സബിത ബീഗം രേഖപ്പെടുത്തിയ അഭിപ്രായം താഴെ ചേർക്കുന്നു: **8** മാസക്കാലമായി മെമ്പർ സെക്രട്ടറി നാം പങ്കെടുക്കുന്ന ഹിയറിംഗുകളിലും കമ്മീഷൻ യോഗത്തിലും മറ്റ് ജില്ലകളിലെ **DGRO** മീറ്റിംഗുകളിലും ബോധവത്കരണ ക്ലാസ്സുകളിലും സന്ദർശനങ്ങളിലും പങ്കെടുക്കുന്നു, ഫയലുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നു. ആക്ടിലും ചട്ടങ്ങളിലും നല്ല അവഗാഹമുള്ളതായി കാണുന്നു. എന്നാൽ നാളിതുവരെ ടി മെമ്പർ സെക്രട്ടറിയെ കുറിച്ച് ഒരു പരാതിയും ചെയർമാൻ എന്നോട് വ്യക്തിപരമായോ, ഫോൺ മുഖേനയോ അറിയിച്ചിട്ടില്ല.

**v.** ബഹു: കമ്മീഷൻ അംഗമായ അഡ്വ. സബിത ബീഗത്തിന്റെ ലെറ്റർ ഹെഡിൽ സസ്മിഷനും നോട്ടും **24/01/2025** ൽ മെമ്പർ സെക്രട്ടറിയ്ക്ക് നൽകുകയും **27/01/2025** മുതൽ **07/02/2025** വരെ വിദേശ യാത്ര പോകുന്നത് സംബന്ധിച്ച വിവരം ചെയർപേഴ്സണിനോട് നേരിട്ട് അറിയിച്ചപ്പോൾ, "സർക്കാരിലേക്ക് അയച്ചു അനുമതി തേടുക എന്ന് ചെയർപേഴ്സൺ വാക്കാൽ മെമ്പറിനോട് പറഞ്ഞിട്ടുണ്ടെന്നും ആയതിനാൽ, ഉടൻ തന്നെ അപേക്ഷ സർക്കാരിലേയ്ക്ക് അയക്കണമെന്ന് തന്നോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു എന്നും ആയതിനാലാണ് അഡ്വ. സബിത ബീഗത്തിന്റെ വിദേശയാത്രയ്ക്കുള്ള മുൻകൂർ അനുമതിക്കായി, കവറിംങ്ങ് ലെറ്റർ സഹിതം സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തത്. സർക്കാരിന്റെ **04/02/2025**-ലെ മറുപടി കത്തിൽ, വിദേശ യാത്രയ്ക്കുള്ള അവധി അപേക്ഷയിൻമേൽ അനുമതി നൽകേണ്ടത് ചെയർപേഴ്സൺ ആണെന്നും അവധി അപേക്ഷയിൽ അനുവദിക്കേണ്ട അവധിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാ എന്നും അറിയിച്ചിരുന്നു. തുടർന്ന്, അഡ്വ. സബിത ബീഗത്തിന്റെ ഇ മെയിലിലേക്ക് സർക്കാരിൽ നിന്നും ലഭിച്ച കത്ത് സഹിതം **11/02/2025** ന് ഓഫീസ് ഇ-മെയിലിൽ നിന്നും അയക്കുകയും ശേഷം **Expost Facto** അനുമതിയ്ക്കായി ചെയർപേഴ്സൺ മുമ്പാകെ സമർപ്പിക്കുന്നതിനായി **18/08/2025** -ൽ

അഡ്വ. സബിത ബീഗം അവധി അപേക്ഷയുടെ നോട്ട് നൽകുകയും ഫയൽ കമ്മീഷൻ ചെയർപേഴ്സണിനു സമർപ്പിക്കുകയും ചെയ്തു. 17/12/2025-ൽ അന്യത്ര സേവന കാലാവധി പൂർത്തിയാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് ഞാൻ ട്രാസ്ഫറായി പോകുന്നതു വരെ ചെയർപേഴ്സണിൽ/സെക്ഷനിൽ നിന്നും മെമ്പർ സെക്രട്ടറിക്ക് പ്രസ്തുത ഫയൽ തിരികെ ലഭിച്ചിട്ടില്ല. മെമ്പറുടെ വിദേശയാത്രയ്ക്കുള്ള ലീവ് അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല.

4). മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തനിക്കെതിരെ ചുമത്തപ്പെട്ടിട്ടുള്ള ആരോപണങ്ങൾ എല്ലാം പൂർണ്ണമായും വസ്തുതാ വിരുദ്ധമാണെന്നും ഉന്നയിച്ചിട്ടുള്ള ഒരു ആരോപണത്തിൽ പോലും കേസിന്റെ മെറിറ്റിനെ ബാധിക്കുന്ന തരത്തിലുള്ള ഏതെങ്കിലും കാരണമോ ക്രമക്കേടോ ഇല്ലാ എന്നും കേസിന്റെ മെറിറ്റ്സിനെ ബാധിക്കാത്ത നടപടിയിലെ ഏതെങ്കിലും ക്രമക്കേട് കാരണം, (മെമ്പർ സെക്രട്ടറി കൂടി ഉൾപ്പെടുന്ന) സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ യാതൊരു പ്രവർത്തിയോ നടപടിയോ അസാധുവാകുന്നതല്ല എന്ന വ്യവസ്ഥകൾ പ്രസ്തുത 2013-ലെ ആക്ടിലെ VII അധ്യായത്തിലെ 2ാം വകുപ്പ് (c) ഖണ്ഡ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും ആയതിനാൽ തനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കാത്തതാണെന്നും സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ 06/12/2024 മുതൽ 17/12/2025 വരെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന കാലയളവിൽ ആകെ പ്രവർത്തി ദിവസങ്ങളിൽ 91% ദിവസങ്ങൾ ഓഫീസിൽ ഹാജാരായി എന്നും കമ്മീഷന്റെ ജോലികൾ ഭംഗിയായും നിയമപരമായും ഉത്തരവാദിത്വത്തോടെയും സർക്കാരിന് യാതൊരുവിധ ധനനഷ്ടം വരുത്താതെയും കുറ്റമറ്റ പ്രവർത്തനം നിർവ്വഹിച്ചിട്ടുള്ളതുമാണ് എന്നും 17/12/2025 വരെ കമ്മീഷൻ ചെയർപേഴ്സണോടും മെമ്പർമാരോടും അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരോടും സഹകരിച്ച് പ്രവർത്തിച്ചിട്ടുള്ളതുമാണ് എന്നും 2013- ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ട് പ്രകാരവും 2018-ലെ കേരള ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ പ്രകാരവും 2021-ലെ കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടപടിക്രമങ്ങൾ പ്രകാരവും അർപ്പിതമായ എല്ലാ കർത്തവ്യങ്ങളും വളരെ ആത്മാർത്ഥതയോടെയും നിയമപ്രകാരവും

ഗൗരവത്തോടെയും ശുഷ്കാന്തിയോടെയും ഉത്തരവാദിത്വബോധത്തോടെയും നിർവ്വഹിച്ചിട്ടുള്ളതാണ് എന്നും താൻ നിയമ വകുപ്പിൽ **07/07/1997** - ൽ ജോലിയിൽ പ്രവേശിക്കുകയും ഈ മാസം **30/04/2026-** ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയുമാണ് എന്നും തന്റെ **29** വർഷത്തെ ഔദ്യോഗിക സേവനകാലയളവിൽ യാതൊരു ക്രമക്കേടും കൃത്യവിലോപവും ചട്ടലംഘനവും നടത്തിയിട്ടില്ലാത്തതും യാതൊരു വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനു ഇടവരുത്താതെ മികച്ച നടത്തിയിട്ടുള്ളതുമാണെന്നും, ആയതിനാൽ മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ തനിക്കെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും സംബന്ധിച്ച ആരോപണങ്ങൾ യാതൊന്നും നിലനിൽക്കുന്നതല്ല എന്ന് കണ്ട് അച്ചടക്ക നടപടി അവസാനിപ്പിക്കണമെന്നും ശ്രീമതി വനജകുമാരി അഭ്യർത്ഥിച്ചിട്ടുണ്ട്.

**5).** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി. പി വനജകുമാരി -യുടെ മറുപടി കണക്കിലെടുത്തും, സർവ്വീസിൽ നിന്ന് 30/04/2026- ൽ വിരമിക്കുകയുമാണ് എന്നത് കണക്കിലെടുത്തും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്നൊരു കർശന നിർദ്ദേശം നൽകി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി. പി വനജകുമാരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന).

നിയമ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Badusha S

Date: 05-05-2026 12:29:10

സെക്ഷൻ ഓഫീസർ.

ബഹു. മുഖ്യമന്ത്രിയുടെ പി. എസ് - ന്.

ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പി. എസ് - ന്.

പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ - യ്ക്ക്.

നിയമ വകുപ്പ് സെക്രട്ടറിയുടെ പി. എ - യ്ക്ക്.